പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 3396 19.06.2019-ലെ മറുപടിക്ക്

## ടെലിഫോൺ പോസ്റ്റുകൾ നീക്കം ചെയ്യുന്നതിന് നടപടി

ചോദ്യം

ശ്രീ.കെ.എം.ഷാജി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബി.എസ്.എൻ.എൽ.ന്റെ ഉപയോഗ ശൂന്യമായ ടെലിഫോൺ പോസ്റ്റുകൾ നിരത്തുകളിൽ നിൽക്കുന്നത് റോഡ് സുരക്ഷയെ ബാധിക്കുന്നതായി ചൂണ്ടിക്കാട്ടി റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2018, 2019 വർഷങ്ങളിലെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഇത് സംബന്ധിച്ച ഒരു പരാതി കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്. |
| (ബി) | കാൽനടയാത്രക്കാർക്ക് ഗതാഗത സൗകര്യത്തിനായി ഇത്തരം ഉപയോഗ ശൂന്യമായ ടെലിഫോൺ പോസ്റ്റുകൾ നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് റോഡ് സുരക്ഷാ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ടി പരാതി സംബന്ധിച്ച നടപടി എടുക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിലിനും ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജർക്കും കത്ത് അയച്ചിട്ടുണ്ട്. ടി കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പോസ്റ്റുകൾ മൂലം എത്ര റോഡ് അപകടങ്ങളാണ് സംഭവിച്ചിട്ടുള്ളതെന്ന് റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് വ്യക്തതയുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | പോസ്റ്റുകൾ മൂലമുള്ള റോഡപകടങ്ങൾ സംബന്ധിച്ച വിവരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പക്കൽ ലഭ്യമല്ല. |
| (ഡി) | ഉപയോഗ ശൂന്യമായ ടെലിഫോൺ പോസ്റ്റുകൾ റോഡ് സുരക്ഷയുടെ ഭാഗമായി എത്രയും വേഗം നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | ഇത് സംബന്ധിച്ച പരാതികൾ ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ വഴി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

A2/1240/KRSA/2018

**Kerala Road Safety Authority**
Trans Towers, Vazhuthacaud,
Thiruvananthapuram-695014
☎0471-2336369
**krsaoffice@gmail.com**
Date: 19/12/2018

From

Road Safety Commissioner,
Kerala Road Safety Authority,
Thiruvananthapuram.

To

1. The Chairman & District Collector,
   District Road Safety Council,
   Thiruvananthapuram.

2. The Chief General Manager,
   BSNL,
   Thiruvananthapuram.

Sir,

Sub:-BSNL telephone post posing threat to Road Safety at Kattakkada – reg.

Ref: -Letter dated 31/10/18 from Smt.Smitha Mathew, Kattakada.

I am to forward herewith a copy of the letter cited and to request you to examine the case and to take urgent action in the matter.

Yours faithfully

Administrative Officer,
Kerala Road Safety Authority,
For Road Safety Commissioner.

✓Smt. Smitha Mathew
Kuzhikkaravila
Choondupalaka
Kattakada.P.O
Thiruvananthapuram-695 572

A2/12440/18

From

സ്മിതാമാത്യൂ
കുഴിക്കാരവിള
ചൂണ്ടുപലക
കാട്ടാക്കട പി.ഒ.
പിൻ. 695572

To

ചെയർമാൻ
കേരള റോഡ് സേഫ്റ്റി അതോറിറ്റി
ട്രാൻസ് ടവർ
വഴുതക്കാട്
തിരുവനന്തപുരം - 695 015

സർ,

കാട്ടാക്കട പി.ആർ.വില്യം ഹയർസെക്കന്ററി സ്കൂളിന് സമീപം, കാട്ടാക്കട പാൽ സൊസൈറ്റിയുടെ എതിർവശത്തായി റോഡിനോട് ചേർന്ന് ഉപയോഗമില്ലാത്ത ഒരു BSNL ന്റെ പഴയ ടെലഫോൺ പോസ്റ്റ് നിൽക്കുന്നത് കാൽനടയാത്രക്കാർക്കും വാഹന ഡ്രൈവർമാർക്കും സ്കൂൾ കുട്ടികൾക്കും വളരെ വലിയ ഗതാഗത തടസ്സം സൃഷ്ടിക്കുന്നുണ്ട്. അടുത്തിടെ പലവട്ടം ഇവിടെ വാഹന അപകടങ്ങൾ നടന്നിട്ടുമുണ്ട്. കാൽനടയാത്രചെയ്യുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് ഈ പോസ്റ്റ് നിൽക്കുന്നതിനാൽ റോഡിൽ കയറിമാത്രമേ നടക്കാൻ കഴിയൂ എന്ന സ്ഥിതിയാണുള്ളത്. സുഗമമായ ഗതാഗത-കാൽനട സൗകര്യത്തിനും ഈ പ്രദേശത്തുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി ഉപയോഗമില്ലാതെ ഗതാഗത തടസമുണ്ടാക്കുന്ന ഈ ടെലഫോൺ പോസ്റ്റ് നീക്കം ചെയ്യുന്നതിന് BSNL അധികാരികൾക്ക് നിർദ്ദേശം നൽകുകയോ റോഡ് സുരക്ഷാ ഫണ്ടുപയോഗിച്ച് നീക്കംചെയ്യുന്നതിനോ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

സ്മിതാമാത്യൂ

കാട്ടാക്കട

31/10/2018